(സി&ഡി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പുതുക്കി നിശ്ചയിച്ച പ്രതിമാസ കുറഞ്ഞ ശമ്പള നിരക്ക് താഴെ ചേർക്കുന്നു.

ഹെഡ്മാസ്റ്റർ	- 3000 രൂപയും 200 രൂപ സൂപ്പർ വിഷൻ അലവൻസും
ഹൈസ്ക്കൂൾ അസിസ്റ്റന്റ്	- 3000 രൂപ
പ്രൈമറി ടീച്ചർ	- 2500 രൂപ
ക്ലാർക്ക്	- 2000 രൂപ
പ്യൂൺ/ക്ലാസ് 4	- 1800 രൂപ

(ഇ) ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് മാനേജർമാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മിനിമം പെൻഷൻ ലഭിക്കണമെന്ന ശ്രീമതി ഒ. ചന്ദ്രമതിയുടെ നിവേദനം

47 (2027) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി ഒ. ചന്ദ്രമതി, വാറുതുണ്ടിൽ വീട്, എഴുകോൺ മിനിമം പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലയിലെ മൈലോട് ടിഇഎംഎച്ച്എസ്.എസിലെ അദ്ധ്യാപിക ആയിരുന്ന അവർക്ക് മിനിമം പെൻഷൻ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ ലഭിക്കുമ്പോൾ നടപടി സ്വീകരിക്കുന്നതാണ്.

ചേർപ്പ് ജെ.ബി.എസ്. യു.പി. സ്കൂളായി ഉയർത്തണമെന്ന ആവശ്യം

48 (2028) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജക മണ്ഡലത്തിലെ ചേർപ്പ് ജെ.ബി.എസ്. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ സ്കൂളിൽ 5-ാം ക്ലാസ്സുവരെ മാത്രമേ പഠന സൗകര്യമുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് 5-ാം ക്ലാസ്സുവരെയുള്ള സ്കൂളുകൾ എത്ര ഉണ്ട് ; ഈ സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണോ, യു.പി. വിഭാഗത്തിലാണോ ഉൾപ്പെടുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജെ.ബി.എസ്. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതാണെന്ന് മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിരുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സംബന്ധിച്ച് നയപരമായ തീരുമാനം ഇപ്പോൾ ഇല്ല. പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യം കണക്കിലെടുത്താണ് സ്കൂളുകൾ ആരംഭിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും.

(ബി) ഉണ്ട്.

(സി) 274 സ്കൂളുകൾ എൽ.പി. വിഭാഗത്തിൽ.

(ഡി) അതാത് കാലഘട്ടത്തിലെ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

എസ്.എസ്.എൽ.സി.യുടെ റാങ്ക് നിർണ്ണയ രീതി

49 (2029) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 വർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് നിർണ്ണയത്തിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുന്നത് ;

(സി) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിലെ റിസൾട്ടിനെ തുടർന്ന് പുനർമൂല്യനിർണ്ണയത്തിന് എത്രപേർ അപേക്ഷിച്ചു ;

(ഡി) ഈ അപേക്ഷകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) റാങ്ക് നിർണ്ണയത്തിൽ (ആദ്യത്തെ 15 റാങ്കുകളിൽ) റിവാല്യൂവേഷനിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പുതിയതായി എത്ര വിദ്യാർത്ഥികൾക്ക് റാങ്ക് ലഭിച്ചു ;

(എഫ്) അവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ജി) റാങ്ക് നിർണ്ണയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ;കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 4926 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 3261 അപേക്ഷകൾ പുനർമൂല്യനിർണ്ണയത്തിനും ബാക്കിയുള്ള 1665 അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കും വേണ്ടിയുള്ളതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly